# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3527 08.11.2019 -ലെ മറുപടിയ്ക്ക്

**<u>അലിഗഡ് യൂണിവേഴ്സിറ്റിയുടെ മലപ്പുറം കാമ്പസിന്റെ വികസനം</u>**

<u>ചോദ്യം</u>

**ശ്രീ. അബ്ദുൽ ഹമീദ് പി**

<u>ഉത്തരം</u>

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | അലിഗഡ് യൂണിവേഴ്സിറ്റിയുടെ മലപ്പുറം കാമ്പസിന്റെ വികസനവുമായി ബന്ധപ്പെട്ട് അലിഗഡ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. താരിഖ് മൻസൂറുമായി വകുപ്പ് മന്ത്രി ചർച്ച നടത്തിയിരുന്നുവോ; അറിയിക്കുമോ; | (എ) | നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാമ്പസിൽ ഇപ്പോൾ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത് എന്നറിയിക്കാമോ; പ്രസ്തുത കേന്ദ്രം തുടങ്ങിയ സമയത്ത് ഉണ്ടായിരുന്ന കോഴ്സുകൾ ഏതെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ; കൂടുതൽ കോഴ്സുകൾ തുടങ്ങുന്നതിന് യൂണിവേഴ്സിറ്റി അധികൃതരുമായി ചർച്ച നടത്തുമോ; | (ബി) | കേന്ദ്രം തുടങ്ങിയ സമയത്ത് എം.ബി.എ, ബി.എ.എൽ.എൽ.ബി കോഴ്സുകളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ എം.ബി.എ, ബി.എ.എൽ.എൽ.ബി, ബി.എഡ് എന്നീ മൂന്ന് കോഴ്സുകളാണുള്ളത്. കൂടുതൽ കോഴ്സുകൾ തുടങ്ങുന്നതിന് സെന്റർ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | അലിഗഡ് സെന്ററിന് സൗകര്യപ്പെടുത്തുന്നതിനായി രാമഞ്ചാടി കുടിവെള്ള പദ്ധതി, 33 കെ.വി സബ് സ്റ്റേഷൻ, അപ്രോച്ച് റോഡ് സൗകര്യം തുടങ്ങിയ പദ്ധതികൾ സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിട്ടുണ്ടോ; പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ; | (സി) | കുടിവെള്ള പദ്ധതിക്ക് ആവശ്യമായ സ്ഥലം നൽകുകയും സർവ്വേ നടക്കുകയും ചെയ്തിട്ടുണ്ട്. 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി നടപടി കൈക്കൊള്ളാൻ ധാരണയായിട്ടുണ്ട്. അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുകയും, സർവ്വേ ചെയ്യാനുള്ള ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അലിഗഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് അലിഗഡ് സെന്ററിന് കൂടുതൽ ഫണ്ട് ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തുമോയെന്ന് അറിയിക്കുമോ? | (ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.